➪ *എന്നാൽ ഇതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നതിൽ ഇവർ മൗനം അവലംബിക്കുന്നു* ➪

# ഭരണവർഗ്ഗം ഫാസിസ്റ്റായി മാറുന്നത് എന്തുകൊണ്ട്?

ഫാസിസം എന്ന സംഭവവികാസത്തെ എങ്ങനെയാണ് മനസ്സിലാക്കേണ്ടത്? ഫാസിസത്തിലേക്കുള്ള ഇന്ത്യയുടെ പരിണാമം അപ്രതീക്ഷിതമായിരുന്നോ? അതോ ഇതിന്റെ ലക്ഷണങ്ങൾ വളരെ മുമ്പുതന്നെ പ്രകടമായി തുടങ്ങിയിരുന്നുവോ? ഒരു ചരിത്രാന്വേഷണം.

**സുഷ്മിത**

കടപ്പാട്:
സമയാന്തർ മാസിക,
ന്യൂ ഡൽഹി.

ഹിന്ദിയിൽ നിന്നും മൊഴിമാറ്റം:
വി.ജി. ഗോപാലകൃഷ്ണൻ

**ഈ** ചർച്ചയുടെ കേന്ദ്രത്തിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പൂർണ്ണ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ട്, ഒരുവർഷം പൂർത്തിയാക്കുന്ന ബി.ജെ.പി സർക്കാരാണ്. സർക്കാരിനെ രാജ്യത്തെ ജനങ്ങൾ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുത്തിരിക്കുകയാണ്, അതുകൊണ്ട് എല്ലാവരും അതിൽ വിശ്വാസമർപ്പിക്കണമെന്നും വിശ്വാസമർപ്പിക്കാത്തവർക്ക് ഇനി ഈ രാജ്യത്ത് സ്ഥാനമില്ലെന്നും സർക്കാരിന്റെ ഭക്തർ നമ്മളോട് പറയുന്നു. അധികാരം തന്നെയാണ് രാജ്യമെന്നും സർക്കാർ തന്നെയാണ് ജനങ്ങളെന്നും അതിനാൽ അധികാരത്തിന്റെ പക്ഷം തന്നെയാണ് ഇപ്പോൾ ജനങ്ങളുടെ പക്ഷമെന്നും അവർ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. അധികാരത്തിന്റെ പക്ഷം തന്നെയാണ് രാജ്യത്തിന്റെ പക്ഷം എന്നുവന്നതോടെ നമ്മുടെ രാജ്യത്തെക്കുറിച്ച് നാം സംസാരിക്കുന്നത് കുറ്റകരമായി ത്തീർന്നിരിക്കുന്നു. എന്നാൽ ഞാൻ പാർലമെന്ററി രാഷ്ട്രീയത്തിന്റെ കൂട്ടിക്കിഴിക്കലിനെക്കുറിച്ചല്ല, മറിച്ച് എന്റെ രാജ്യത്തെക്കുറിച്ചുതന്നെയാണ് ഇവിടെ സംസാരിക്കുന്നത്.

രാജ്യത്തെ മിക്ക പാർലമെന്ററി ഘടകങ്ങളും സർക്കാരിനെ ഭരണവ്യവസ്ഥയുടെ പര്യായമാക്കി തീർത്തതുകൊണ്ടുള്ള ചർച്ചകളുമായി മുന്നോട്ട് പോവുകയാണ്. ഇന്ത്യൻ രാഷ്ട്രീയത്തിൽ ആദ്യമായി, കോൺഗ്രസ്സിതര സർക്കാരിന്റെ രൂപത്തിൽ ഭാരതീയ ജനതാ പാർട്ടി ഒറ്റയ്ക്ക് ഭരിപക്ഷം നേടിയതിനുശേഷം ചർച്ചകളുടെ ദിശ പെട്ടെന്ന് മാറിയിരിക്കുന്നു. എല്ലാ പ്രതിപക്ഷ കക്ഷികളും വർഗീയ ധ്രുവീകരണമാണ് ഇതിന് കാരണമെന്നാണ് കരുതുന്നത്. സോഷ്യൽ ഡെമോക്രാറ്റുകൾ ഈ സംഭവവികാസത്തെയാകെ ഫാസിസത്തിന്റെ വരവായാണ് വീക്ഷിക്കുന്നത്. ഇപ്രകാരം എല്ലാ പ്രതിപക്ഷകക്ഷികളും ഒരേ തരത്തിൽ ഈ സംഭവവികാസത്തെക്കുറിച്ച് അവരുടെ പ്രതികരണങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ ഇതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നതിൽ ഇവർ മൗനം അവലംബിക്കുന്നു. ഈ സംഭവവികാസത്തെയാകെ എങ്ങനെ മനസ്സിലാക്കാം എന്ന ചോദ്യം അതിനാൽത്തന്നെ ഗൗരവമുള്ളതാണ്. ഈ പരിണാമം അപ്രതീക്ഷിതമായിരുന്നോ അതോ ഇതിന്റെ ലക്ഷണങ്ങൾ വളരെ മുമ്പുതന്നെ പ്രകടമായി തുടങ്ങിയിരുന്നുവോ?

**ഇന്ത്യൻ ജനാധിപത്യത്തിന്റെ പ്രതിസന്ധിയും ഫാസിസവും**

സോഷ്യൽ ഡെമോക്രാറ്റുകൾ കരുതുന്നത് മാധ്യമങ്ങ

*⇨ അങ്ങനെയെങ്കിൽ പാർലമെന്ററി ജനാധിപത്യത്തിൽ പ്രധാനമന്ത്രി 'വൺമാൻ പവർ പോയന്റ്' ആയിത്തീരുകയാണോ?⇨*



ളെ വലിയതോതിൽ ഉപയോഗിച്ചും വർഗീയ ഭ്രാന്ത് ഇളക്കിവിട്ടുമാണ് ബി.ജെ.പി. അധികാരം കയ്യടക്കിയതെന്നാണ്. വർഗീയഭ്രാന്തുമായി ബി.ജെ.പി.ക്കു മാത്രമാണ് ബന്ധമെങ്കിൽ ഉത്തർപ്രദേശിൽ സമാജ്‌വാദി പാർട്ടിയുടെ സുശക്തമായ സർക്കാർ ഉണ്ടായിട്ടും മുസഫർനഗറിൽ എങ്ങനെയാണ് കൊലപാതകങ്ങൾ സംഘടിപ്പിക്കപ്പെട്ടത്? അസമിൽ കോൺഗ്രസ്സിന്റെ സർക്കാരായിരുന്നു, എന്നിട്ടും എങ്ങനെയാണ് അവിടെ വർഗീയഭ്രാന്ത് പടർന്നത്? മഹാരാഷ്ട്രയിൽ കോൺഗ്രസ്സിന്റെ സർക്കാർ ആയിരുന്നിട്ടും വലിയതോതിൽ വർഗീയഭ്രാന്ത് പരത്താനുള്ള ഗൂഢാലോചനകളും കൊലപാതങ്ങളും എങ്ങനെയാണ് ആസൂത്രണം ചെയ്യപ്പെട്ടത്?

കുറച്ച് ആളുകൾ ഫാസിസത്തിന്റെ സ്രോതസ്സ് എന്ന രീതിയിൽ കേവലം അതിന്റെ ആശയത്തെക്കുറിച്ച് ചർച്ചചെയ്യുന്നു. എന്നാൽ ചിലർ ഈ ആശയത്തിന്റെ സ്രോതസ്സിനെക്കുറിച്ച് പറയാതെ ഒഴിഞ്ഞുമാറുന്നു. സംഘപരിവാറിന്റെ പക്കൽ ഏകദേശം എട്ടുപതിറ്റാണ്ടു മുമ്പുതന്നെ ഫാസിസ്റ്റ് ആശയം ഉണ്ട് എന്നുള്ളത് ശരിതന്നെ. എന്നാൽ അത് ഇന്നുമാത്രം ഭൗതികരൂപം പ്രാപിച്ചതാണോ? ഒരുപറ്റം ആളുകൾ ശക്തിമത്തായ ഈ മതനിരപേക്ഷ ജനാധിപത്യത്തിൽ മതത്തിന്റെ പേരിൽ വലിയതോതിൽ വെറുപ്പ് പ്രചരിപ്പിക്കുന്നുണ്ടെങ്കിൽ ഇതിന്റെയൊക്കെ വേരുകൾ എവിടെയാണ്? ഈ ഒരുപറ്റം ആളുകൾ എന്തുകൊണ്ടാണ് വിജയികളാകുന്നത്? രാഷ്ട്രീയത്തിന്റെ വർത്തമാനഘട്ടത്തെ മനസ്സിലാക്കണമെങ്കിൽ ഈ ചോദ്യങ്ങളെ മനസ്സിലാക്കേണ്ടതുണ്ട്. അല്ലെങ്കിൽ നമ്മളും ലളിതമായ ഒരു നിഗമനത്തിൽ എത്തിച്ചേരുകയും പാർലമെന്റിന്റെ ചട്ടക്കൂടുകൾക്ക് ചുറ്റും കറങ്ങികൊണ്ടിരിക്കുകയും ചെയ്യും.

### വർഗീയതയും ബ്രാഹ്മണ്യവും

വാസ്തവത്തിൽ വർഗീയതയുടെ വിത്ത് ബ്രാഹ്മണ്യത്തിൽ അധിഷ്ഠിതമായ ഇന്ത്യൻ രാഷ്ട്രീയഘടനയിൽ അന്തർലീനമായിട്ടുണ്ട്. ഹിന്ദു പാരമ്പര്യത്തോട് സ്വയമേവ ബന്ധപ്പെടുത്തുന്ന ആളുകൾക്ക് ഇതിൽ ഭൂരിപക്ഷമുണ്ട്. എല്ലാ ഭരണവർഗ്ഗ പാർട്ടികളും ഈ ഭൂരിപക്ഷത്തെ പാട്ടിലാക്കാൻവേണ്ടി ഇവർക്കുള്ളിൽ ഭീതിവിതയ്ക്കുന്നു, അല്ലെങ്കിൽ ന്യൂനപക്ഷങ്ങൾക്കുള്ളിൽ അസുരക്ഷിതത്വം വളർത്തുന്നു. ഈ രണ്ടു പരിശ്രമങ്ങളുടേയും ലക്ഷ്യം കേവലം പാർലമെന്ററി രാഷ്ട്രീയത്തിൽ തങ്ങളുടെ ഇടം ഉണ്ടാക്കൽ മാത്രമാണ്. ഇന്ത്യയിൽ മതത്തേയും ജാതിയേയും പാർലമെന്ററി രാഷ്ട്രീയത്തിൽ ഉപയോഗിക്കാൻ തുടങ്ങിയത് ബി.ജെ.പി.യുടെ വരവോടെയല്ല. ഇതോടുകൂടി അവസാനിക്കുകയുമില്ല.

അങ്ങനെയെങ്കിൽ ബി.ജെ.പി. വൻഭൂരിപക്ഷത്തോടെ അധികാരത്തിൽവന്നതിനെ കേവലമൊരു സാധാരണ സംഭവമായി നമുക്കു കരുതുവാൻ കഴിയുമോ? ഇല്ല! ഇതിന് ഒരിക്കലും അങ്ങനെയൊരു അർത്ഥമില്ല. ഈ വസ്തുതകൾ മുഴുവൻ അർത്ഥമാക്കുന്നത് ഇത്രമാത്രമാണ്--രാജ്യത്ത് ഇന്നു നടക്കുന്ന രാഷ്ട്രീയ സംഭവവികാസങ്ങളെ രാഷ്ട്രീയ നീക്കുപോക്കുകൾക്ക് അപ്പുറത്ത് നോക്കിക്കാണണം. ഇന്ത്യൻ പാർലമെന്ററി വ്യവസ്ഥിതിയിൽ എല്ലായ്പോഴും ബ്രാഹ്മണ്യശക്തികളുടെ ആധിപത്യം ഉണ്ടായിരുന്നു. ഇത് വ്യവസ്ഥിതിയിൽ എത്തുന്നതോടെ തന്നെ ഒരു ദളിതനേയും ഒരു പിന്നോക്കക്കാരനേയും കൂടി ബ്രാഹ്മണ്യ ചട്ടക്കൂടിലേക്ക് രൂപപ്പെടുത്തിയെടുക്കുന്നു. വളർന്നുവരുന്ന പ്രതിസന്ധിക്കൊപ്പം ഈ വ്യവസ്ഥിതിയുടെ എല്ലാ മുഖംമൂടികളും അഴിഞ്ഞുവീഴുകയും അത് മതം, ജാതി തുടങ്ങിയ എല്ലാ ഫ്യൂഡൽ സ്ഥാപനങ്ങളെയും ഉപയോഗിച്ച് ജനങ്ങളിൽ കൂടുതൽ വിഭജനം ഉണ്ടാക്കുകയും ചെയ്തു. ഇതിന്റെ നേതൃത്വക്കാർ കേവലം ബി.ജെ.പി. മാത്രമല്ല, മറിച്ച് മുഴുവൻ ഭരണവർഗ്ഗ പാർട്ടികളുമാണ്. എന്നാൽ ഇന്നത്തെ ചുറ്റുപാടിൽ ഒരു ഗുണപരമായ വ്യത്യാസമുണ്ട്. ഇന്ത്യൻ

ഭരണവ്യവസ്ഥിതി ഇന്ന് അകപ്പെട്ടിരിക്കുന്ന ഗുരുതരമായ പ്രതിസന്ധിയിൽ സാധാരണ രീതിയിൽ ഭരണം കൊണ്ടുപോകാൻ പറ്റാത്ത സ്ഥിതി സംജാതമായിരിക്കുന്നു.

കഴിഞ്ഞ കുറച്ചുവർഷങ്ങളിലെ സൂചനകൾ പഠിക്കാൻ ശ്രമിച്ചാൽ തെരഞ്ഞെടുപ്പിനുശേഷമുള്ള സംഭവവികാസങ്ങൾ തീരെ അപ്രതീക്ഷിതമായി തോന്നില്ല. മറിച്ച് ഇതിന്റെ പ്രവർത്തനം വളരെ മുമ്പുതന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു എന്ന് മനസ്സിലാകും. ബി.ജെ.പി. സർക്കാർ നിലവിൽ വന്നശേഷം ഒരു ഭാഗത്ത് ടി.വി. പാനലിസ്റ്റുകൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ മഹത്വത്തെക്കുറിച്ച് ചർച്ചചെയ്യുന്നു, മറുഭാഗത്ത് ഒരു ലജ്ജയുമില്ലാതെ പറയുന്നു—ഭാവി പ്രധാനമന്ത്രിക്ക് തീരുമാനങ്ങളെടുക്കാനുള്ള ശേഷിയുണ്ട്, അദ്ദേഹം എല്ലാവരും പറയുന്നത് കേൾക്കുന്നു, എന്നാൽ അദ്ദേഹത്തിന് നല്ലതെന്നു തോന്നുന്നതുമാത്രം ചെയ്യുന്നു. അങ്ങനെയെങ്കിൽ പാർലമെന്ററി ജനാധിപത്യത്തിൽ പ്രധാനമന്ത്രി 'വൺമാൻ പവർ പോയന്റ്' ആയിത്തീരുകയാണോ? അപ്പോൾ അധികാരത്തിന്റെ

> 1957ൽ ജി.ഡി. ബിർളയുടെ നേതൃത്വത്തിൽ അമേരിക്ക, ബ്രിട്ടൻ, പശ്ചിമ ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ യാത്രപോയ ഇന്ത്യൻ വ്യവസായപ്രതിനിധി സംഘത്തിന്റെ റിപ്പോർട്ടിൽ പറയുന്നത്, 'വിദേശ മൂലധനം ഇല്ലാതെ ഇന്ത്യയ്ക്ക് വളരാൻ കഴിയില്ല. ചുരുങ്ങിയത് അടുത്ത 25 വർഷത്തേക്ക് ഇത് വളരെ വലിയ തോതിൽ നമുക്ക് ആവശ്യമായി വരും.'

കേന്ദ്രീകരണം മുഴുവൻ പാർലമെന്റ്, കാബിനറ്റ്, സ്ഥിരം പാർലമെന്റ് സമിതികൾ എന്നിവയിൽനിന്നും മാറ്റി ഒരു വ്യക്തിയുടെ കൈകളിലേക്ക് വരികയാണോ? പഴയ ഭരണവ്യവസ്ഥ പുതിയ കാലഘട്ടത്തിന് യോജിച്ചതല്ല, അതുകൊണ്ട് ഭരണവർഗ്ഗത്തിന് പുതിയ രൂപത്തിലുള്ള ഒരു വ്യവസ്ഥിതി വേണം എന്നതാണോ ഇതുകൊണ്ട് അർത്ഥമാക്കുന്നത്? വാസ്തവത്തിൽ ഈ ഒരു പ്രക്രിയ ഏറെക്കാലമായി രാജ്യത്ത് നടന്നുവരുന്നുണ്ട്. ഉദാരവത്ക്കരണ നയങ്ങൾ സ്വീകരിച്ചതിനുശേഷം ഇത് കൂടുതൽ ശക്തമായി. മുന്നണി സർക്കാരുകൾ രാജ്യത്ത് അനിവാര്യമായിത്തീർന്ന ഒരു കാലഘട്ടം കൂടിയായിരുന്നു അത്. ഒട്ടനവധി ആളുകൾ മുന്നണി ഭരണം ജനാധിപത്യത്തിന് ഏറെ ഗുണപരമാണെന്ന് അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ മുന്നണി സർക്കാർ സാമ്രാജ്യത്വകൊള്ളയ്ക്കു മുന്നിൽ ഒരിക്കലുമൊരു തടസ്സമായില്ലെന്നുള്ളത് ഏവർക്കും അറിയാവുന്നതാണ്. മാത്രമല്ല മുന്നണിയിലെ ഏറ്റവും വലിയ പാർട്ടി കൊള്ളക്കാരായ രാജ്യങ്ങൾക്കും വലിയ മുതലാളിമാർക്കും ആവശ്യമായിട്ടുള്ളതെല്ലാം ചെയ്തുകൊടുത്തു. ആണവ കരാർ ഇതിന്റെ ഉത്തമ ഉദാഹരണമാണ്. ഈ സംഭവവികാസങ്ങളെല്ലാം നൽകുന്ന വ്യക്തമായ സൂചന ഇതാണ്—ഭരണവർഗ്ഗം തങ്ങളുടെ ആഭ്യന്തര വൈരുദ്ധ്യങ്ങളെപ്പോലും മറികടക്കാൻ പറ്റാത്തവിധത്തിലുള്ള വലിയ പ്രതിസന്ധിയിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്.

**പ്രതിസന്ധിയുടെ കാരണങ്ങൾ**

ഈ പ്രതിസന്ധി എന്തുകൊണ്ടാണ് ഇത്രയും കാലമായി തുടരുന്നത്? ഇതിന് ഉത്തരം ലഭിക്കണമെങ്കിൽ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ മനസ്സിലാക്കേണ്ടതുണ്ട്. 1947നു ശേഷം ഇന്ത്യ വികസനത്തിന്റെ ഒരു മോഡൽ സ്വീകരിച്ചിരുന്നു. അത് നെഹ്റു-മഹാലനോബിസ് മോഡൽ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കൃഷിയിൽ അടിസ്ഥാനപരമായ മാറ്റം വരുത്താതെ, വ്യവസായവത്ക്കരണത്തെ ആശ്രയിച്ചുള്ളതായിരുന്നു ഈ മോഡൽ. വിദേശമൂലധനത്തിന്റെ ബലത്തിലാണ് ഈ മോഡൽ പ്രാവർത്തികമാക്കിയത്. 1957ൽ ജി.ഡി. ബിർളയുടെ നേതൃത്വത്തിൽ അമേരിക്ക, ബ്രിട്ടൻ, പശ്ചിമ ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ യാത്രപോയ ഇന്ത്യൻ വ്യവസായപ്രതിനിധി സംഘത്തിന്റെ റിപ്പോർട്ടിൽ പറയുന്നത്, 'വിദേശമൂലധനം ഇല്ലാതെ ഇന്ത്യയ്ക്ക് വളരാൻ കഴിയില്ല. ചുരുങ്ങിയത് അടുത്ത 25 വർഷത്തേക്ക് ഇത് വളരെ വലിയ തോതിൽ നമുക്ക് ആവശ്യമായി വരും.'

ഈ വിധത്തിൽ ഒരു സ്വാശ്രയ സമ്പദ്‌വ്യവസ്ഥ ഉണ്ടാക്കുന്നതിനു പകരം സാമ്രാജ്യത്വ രാജ്യങ്ങളിലുള്ള ആശ്രയത്വം നിലനിർത്തിപോന്നു. ഇതുകൂടാതെ വലിയ വിഭാഗം ജനങ്ങളുടെ ക്രയശക്തിയിൽ അഭിവൃദ്ധിക്കാവശ്യമായ കൃഷിയിലെ അനിവാര്യമായ മാറ്റവും ഉപേക്ഷിക്കപ്പെട്ടു. 1960ലെ ദശകം പൂർത്തിയാകുന്നതോടെ ഈ വികസന മോഡൽ ഒന്നാകെ തകർന്നുപോയി. ആഗോളതലത്തിൽ തന്നെ രണ്ടാം ലോകമഹായുദ്ധത്തോടെ ഉണ്ടായ കുതിപ്പ് മുഖമടിച്ച് നിലത്തുവീണു. ഇവയെല്ലാം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ മോശമായി ബാധിച്ചു. 1960കളുടെ അവസാനം വലിയ തോതിലുള്ള പിരിച്ചുവി

ടലും തൊഴിലാളി പ്രക്ഷോഭങ്ങളും ഫാക്ടറികളിൽ നിത്യസംഭവങ്ങളായി. നാണ്യപ്പെരുപ്പവും നിരന്തരം കൂടിക്കൊണ്ടിരുന്നു. എല്ലാ വ്യവസായങ്ങളും അവരുടെ ശേഷിയിലും വളരെ കുറഞ്ഞ ഉത്പാദനമാണ് നടത്തിക്കൊണ്ടിരുന്നത്. എന്നിട്ടും ഉത്പാദിപ്പിക്കപ്പെട്ട ചരക്കുകൾ വിറ്റഴിക്കുവാൻ കഴിഞ്ഞിരുന്നില്ല. പ്രതിസന്ധി നിരന്തരം രൂക്ഷമായിക്കൊണ്ടിരുന്നു. ഇത് തൊഴിലാളികളുടേയും കർഷകരുടേയും വ്യാപക പ്രക്ഷോഭങ്ങൾക്ക് കാരണമായി.

തൊഴിലെടുക്കുന്നവരെ അന്യായമായ ചൂഷണത്തിനിരയാക്കി, അതിനെ ആശ്രയിച്ച് നിലനിൽക്കുന്ന ഒരു സമ്പദ്‌വ്യവസ്ഥയ്ക്ക് ഒരു പ്രത്യേകതരം രാഷ്ട്രീയ ഘടനയുടെ ആവശ്യമുണ്ട്. രണ്ടിലും ഒരുതരത്തിലുള്ള സന്തുലനമുണ്ട്. എന്നാൽ ഉത്പാദനത്തിന്റെ രൂപവും അതിന്റെ ബന്ധങ്ങളും എപ്പോഴും സ്ഥിരമായിരിക്കല്ല, മറിച്ച് ഇവയിലും വളർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ രാഷ്ട്രീയഘടന ആ വ്യവസ്ഥിതിയെയാകെ സംരക്ഷിക്കാനായി അശ്രാന്തപരിശ്രമം നടത്തുന്നു. ഈ വിധത്തിൽ ഒരു കാലഘട്ടത്തിനു ശേഷം സമ്പദ്‌വ്യവസ്ഥയിലും രാഷ്ട്രീയ വ്യവസ്ഥയിലും ഒരു അസന്തുലനം ഉടലെടുക്കുന്നു. പുതിയ കാലഘട്ടത്തിൽ അന്യായമായ ചൂഷണത്തിന് പഴയ രാഷ്ട്രീയഘടന അപര്യാപ്തമെന്നു വ്യക്തമാകുമ്പോൾ ഭരണവർഗ്ഗത്തിന് പുതിയ തരത്തിലുള്ള ഒരു രാഷ്ട്രീയഘടന ആവശ്യമായിവരുന്നു. 1950ൽ സ്വീകരിച്ച ഘടനയെ 'നെഹ്റുവിയൻ സോഷ്യലിസം' എന്നു വിളിച്ചു. ഒരുതരത്തിൽ ഇത് നെഹ്റുവിന്റെ സാമ്പത്തിക മോഡൽ നടപ്പിലാക്കാനുള്ള ഒരു രാഷ്ട്രീയഘടനയായിരുന്നു. യഥാർത്ഥ സ്വഭാവത്തിൽ എന്തുതന്നെയായാലും, നെഹ്റുയുഗത്തിലെ 'മതനിരപേക്ഷ', 'ജനാധിപത്യ' രൂപത്തിലുള്ള ഘടനയായി ഇത് വിലയിരുത്തപ്പെട്ടു. 1970ലെ ദശകത്തോടടുത്ത് 1950ലെ പഴയ രാഷ്ട്രീയഘടന അന്യായമായ ചൂഷണത്തിന് പര്യാപ്തമല്ല എന്നു ബോധ്യപ്പെട്ടുതുടങ്ങി. ജെ.ആർ.ഡി.ടാറ്റ ബോംബെയിലെ ഒരു പത്രപ്രവർത്തകനോട് സംഭാഷണത്തിനിടയിൽ പറഞ്ഞതുപോലെ, "കാര്യങ്ങൾ വളരെയേറെ മുന്നോട്ടുപോയി. നമ്മൾ ഇവിടെ ഹർത്താലുകളുടേയും ബഹിഷ്കരണങ്ങളുടേയും പ്രകടനങ്ങളുടേയും കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ഇക്കാരണങ്ങളാൽ അന്ന് എനിക്ക് എന്റെ ഓഫീസിൽനിന്ന് പുറത്ത് തെരുവുകളിൽ നടക്കാൻപോലും കഴിഞ്ഞിരുന്നില്ല. പാർലമെന്ററി വ്യവസ്ഥിതി നമ്മുടെ ആവശ്യങ്ങളുമായി ഒത്തുപോകുന്നില്ല." അങ്ങനെയാണ് രാഷ്ട്രീയമാറ്റത്തിന്റെ രൂപത്തിൽ അടിയന്തരാവസ്ഥ കടന്നുവന്നത്.

ഏറ്റവും ആദ്യം കയറ്റുമതി അധിഷ്ഠിതമായ 15 എൻജിനീയറിംഗ് വ്യവസായങ്ങൾക്ക് അവയുടെ ലൈസൻസുകളുടെ ശേഷിക്കപ്പുറത്ത് 25 ശതമാനം അധികശേഷിയോടെ സ്വയം വിപുലീകരിക്കാൻ അനുമതി നൽകപ്പെട്ടു. 1975 ഒക്ടോബർ 25ന് ഇടത്തരം വലുപ്പമുള്ള 21 വ്യവസായങ്ങൾക്ക് ലൈസൻസിൽ ഇളവ് അനുവദിച്ചു നൽകി. വിദേശകമ്പനികൾക്കും കുത്തകാവകാശമുള്ള വലിയ കുടുംബങ്ങൾക്കും 30 സുപ്രധാനമായ മേഖലകളിൽ അവയുടെ ലൈസൻസ് ഉപയോഗിച്ച് അനിയന്ത്രിതമായ വ്യാപനത്തിന് ഇളവ് നൽകി. സിമന്റ്, സ്റ്റീൽ തുടങ്ങി മറ്റ് സുപ്രധാന വസ്തുക്കളിലുണ്ടായിരുന്ന നിയന്ത്രണങ്ങളിൽ അയവുവരുത്തി. കോർപ്പറേറ്റ് നികുതിയിലും വ്യക്തിഗത വരുമാനനികുതിയിലും വലിയ ഇളവുകൾ നൽകി. ഉന്നത സാങ്കേതിക, ഉന്നത കയറ്റുമതി വ്യവസായങ്ങളിൽ വിദേശകമ്പനികൾക്ക് യഥാക്രമം 51 ശതമാനവും 74 ശതമാനവും ഉടമസ്ഥതയ്ക്ക് അനുമതി നൽകി. അതേസമയം ഈ കാലയളവിൽ ദില്ലിയിൽ വലിയതോതിൽ ദരിദ്രരുടെ കോളനികൾ നശിപ്പിക്കപ്പെട്ടു. 1975 ജൂൺ 25ന് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിനു മുമ്പുള്ള 30 മാസങ്ങൾക്കുള്ളിൽ ദില്ലിയിലെ വൃത്തിഹീനമായ കോളനികളിൽ 1,800 വീടുകൾ നശിപ്പിക്കപ്പെട്ടു. അടിയന്തിരാവസ്ഥയിൽ കേവലം 21 മാസങ്ങൾക്കുള്ളിൽ, 1975 ജൂൺ 25 മുതൽ 1977 മാർച്ച് 23 വരെ, ദില്ലിയിൽ അധികാരികൾ 1,50,105 വീടുകൾ തകർത്തു. അടിയന്തിരാവസ്ഥയിലെ രണ്ടുവർഷങ്ങൾക്കുള്ളിൽ 374 മതപരമായ കലാപങ്ങൾ രാജ്യത്തുണ്ടായി. ഇതിന്റെയെല്ലാം പരിണാമഫലമായി ഒരുഭാഗത്ത് അധ്വാനത്തിന്റെ ചൂഷണത്തിൽ അതിവേഗ വർദ്ധനയുണ്ടായി. മറുഭാഗത്ത് സാധാരണ ജനങ്ങളുടെ വരുമാനത്തിൽ വലിയതോതിൽ ഇടിവുണ്ടായി. ഇതിന്റെയെല്ലാം പ്രതികരണമായി ജനങ്ങൾ പ്രക്ഷോഭങ്ങളിൽ സംഘടിക്കാൻ തുടങ്ങി. ഈ പ്രക്ഷോഭങ്ങളെ ക്രൂരമായി അടിച്ചമർത്തിയും കൊലചെയ്തും പ്രതിരോധങ്ങളെ തകർത്ത് കൊള്ളലാഭ കമ്പനികൾക്ക് അനുകൂലമായ ഒരു അന്തരീക്ഷം ഉണ്ടാക്കിയെടുത്തു. ഇത്തരം ഇളവുകളും തൊഴിലാളിവർഗ്ഗത്തെ ക്രൂരമായി അടിച്ചമർത്തുകയും വഴി വീണ്ടും കുറച്ചുകാലത്തേക്ക് പ്രതിസന്ധി ഒഴിവായി. എന്നിട്ടും 1981ൽ ഇന്ത്യൻ സർക്കാരിന് അന്താരാഷ്ട്ര നാണയനിധിക്ക് (ഐ.എം.എഫ്.) മുമ്പാകെ കൈനീട്ടേണ്ടിവന്നു. ഈ കടത്തിനു പ്രതിഫലമായി



ഇന്ത്യൻ സർക്കാർ പല പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വകാര്യ കമ്പനികൾക്ക് പങ്കാളിത്തം നൽകി. ഈ പ്രതിസന്ധി 1990 ദശകത്തിലെത്തിയതോടുകൂടി കൂടുതൽ വഷളാവുകയും അതിന്റെ ഫലമായി നവഉദാരവത്ക്കരണ സമ്പദ്‌വ്യവസ്ഥ സ്വീകരിക്കുകയും ചെയ്തു.

എന്നാൽ ഈ സമ്പദ്‌വ്യവസ്ഥ നടപ്പിലാക്കി രണ്ടുപതിറ്റാണ്ടു കഴിഞ്ഞിട്ടും പ്രതിസന്ധിയിൽ എന്തെങ്കിലും കാതലായ മാറ്റം ഉണ്ടായിട്ടില്ല. എല്ലാ പ്രകൃതിവിഭവങ്ങളും 'വലിയ കുടുംബങ്ങൾക്ക്' വിറ്റിട്ടും, എല്ലാവിധ സർക്കാർ നിയന്ത്രണങ്ങൾ നീക്കംചെയ്തിട്ടും സാമ്പത്തിക ദുരവസ്ഥ ഉച്ചസ്ഥായിയിലാണ്. ഇങ്ങനെ സാമ്പത്തികമേഖലയിൽ ഏറെ കാലമായി തുടരുന്ന പ്രതിസന്ധി ഇപ്പോൾ രാഷ്ട്രീയമേഖലയിലും അതിന്റെ നിറം പ്രകടമാക്കാൻ തുടങ്ങിയിരിക്കുന്നു. ടാറ്റായുടെ വാക്കുകളിൽ പറയുകയാണെങ്കിൽ, ഇപ്പോഴത്തെ രാഷ്ട്രീയ ഭരണം അവരുടെ ആവശ്യങ്ങൾക്ക് അനുസൃതമായി തീരുന്നില്ല. ആയതുകൊണ്ട് ഭരണവർഗ്ഗത്തിന് പുതിയൊരു രീതി ആവശ്യമായി വിരിക്കുന്നു. ഈ സാമ്പത്തിക പ്രതിസന്ധിയുടെ രാഷ്ട്രീയ പരിണാമത്തെക്കുറിച്ച് പറയുകയാണെങ്കിൽ, 'സമ്പദ്‌വ്യവസ്ഥയിൽ നിന്ന് ഇതിലും കൂടുതൽ അധികലാഭം അതായത്, സർപ്ലസ് ഈടാക്കാനുള്ള എല്ലാവിധ സാധാരണ പരിശ്രമങ്ങളും പാഴ്‌വേലയായി മാറിയിരിക്കുന്നു. കടങ്ങളും വിദേശനിക്ഷേപങ്ങളും വഴി സമ്പദ്‌വ്യവസ്ഥയെ പിടിച്ചുനിർത്താനുള്ള ശ്രമങ്ങളും ഇപ്പോൾ വിഫലമായിരിക്കുന്നു. ഇപ്രകാരം സമ്പദ്‌വ്യവസ്ഥയുടെ ഈ മോഡലാകെത്തന്നെ അപകടത്തിലായിരിക്കുന്നു. ഈ അവസ്ഥയിൽ വ്യവസ്ഥിതിയെ നിലനിർത്താനായി രാജ്യത്തെ വിഭങ്ങളെല്ലാം വിൽക്കുകയാണ് ഏകപോംവഴി. ഇതിന് ഭരണവർഗ്ഗങ്ങൾക്ക് ഒരു മിലിട്ടറി സ്റ്റേറ്റ് (സൈനികഭരണം) അല്ലെങ്കിൽ പിന്നെ ഫാസിസ്റ്റ് സ്റ്റേറ്റ് പോലുള്ള രാഷ്ട്രീയ വ്യവസ്ഥ ആവശ്യമുണ്ട്. അങ്ങനെ രാജ്യത്ത് ഭരണവർഗ്ഗം പൂർണ്ണമായും ഫാസിസ്റ്റ് ആയി മാറിക്കൊണ്ടിരിക്കുകയണ്.

**ഫാസിസത്തിന്റെ വർഗ്ഗസ്വഭാവം**

സാധാരണയായി ഭരണഘടനവഴി ജനങ്ങൾക്ക് ലഭിച്ചിട്ടുള്ള അടിസ്ഥാന ജനാധിപത്യ അവകാശങ്ങൾക്കുമേൽ ഉണ്ടാകുന്ന ആക്രമണത്തെ തന്നെയാണ് ഫാസിസമായി കരുതുന്നത്. എന്നാൽ ഫാസിസത്തിന്റെ മാനം ഇതിലും വളരെയേറെ വിശാലമാണ്. വർഗപരമായ കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ ഫാസിസവും മുതലാളിത്ത ജനാധിപത്യം പോലെതന്നെ ബൂർഷ്വാവർഗത്തിന്റെ ഭരണമാണ്. മുതലാളിത്ത ജനാധിപത്യം സ്വതന്ത്ര്യവ്യാപാര മുതലാളിത്ത (ലെസെസ് ഫെയർ കാപ്പിറ്റലിസം) കാലഘട്ടത്തിലെ വർഗപരമായ ഭരണമാണെങ്കിൽ, ഫാസിസം കുത്തകമുതലാളിത്ത (മോണോപളി കാപ്പിറ്റലിസം) ഭരണവർഗ്ഗങ്ങൾക്ക് സാമ്രാജ്യത്വ കാലഘട്ടത്തിൽ ഒരു ആവശ്യമായിത്തീർന്നു. ഇപ്രകാരം പ്രതിസന്ധിയിലകപ്പെട്ട മുതലാളിത്ത കാലഘട്ടത്തിൽ പ്രയോഗിക്കപ്പെടുന്ന ഒരു രാഷ്ട്രീയ ആയുധമാണ് ഫാസിസം. അത് വ്യാപകമായി ജനങ്ങളെ അടിച്ചമർത്തി ഭരണവർഗ്ഗങ്ങളെ പ്രതിസന്ധിയിൽനിന്നും കരകയറ്റാനായി പ്രയോഗിക്കപ്പെടുന്നു എന്ന് നമുക്കു പറയാം. ഇപ്രകാരം ജനാധിപത്യവും ഫാസിസവും ഒരു വർഗ്ഗത്തിന്റെ ഭരണമാണ്. ജനാധിപത്യ സർക്കാർ ഫാസിസ്റ്റായി മാറുന്നത് രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധികളാണ് നിശ്ചയിക്കുന്നത്.

ഫാസിസത്തിന് എന്തെങ്കിലും പ്രത്യേക വ്യാഖ്യാനം ഉണ്ടോ? 1933ൽ മോസ്കോയിൽ നടന്ന കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ വിപുലമായ പ്രവർത്തകസമിതിയുടെ 13-ാമത് യോഗപ്രകാരം, 'ഫാസിസം, ധനമൂലധനത്തിന്റെ ഏറ്റവും വലിയ സാമ്രാജ്യത്വവാദികളുടേയും ഏറ്റവും വലിയ അന്ധദേശീയവാദികളുടേയും ഏറ്റവും മുന്തിയ പിന്തിരിപ്പൻ ശക്തികളുടേയും പ്രകടമായ തീവ്ര ഏകാധിപത്യം' ആണ്. ഫാസിസം കേവലം സാമ്രാജ്യ

ത്വ രാജ്യങ്ങളിലും വികസിത ധനമൂലധന രാജ്യങ്ങളിലും മാത്രമേ സാദ്ധ്യമാകുകയുള്ളൂ എന്നാണോ ഈ പ്രസ്താവനകൊണ്ട് ഉദ്ദേശിക്കുന്നത്? അല്ല! ഫാസിസം പിന്നോക്ക രാജ്യങ്ങളിൽ വരാൻ സാദ്ധ്യതയില്ല എന്നല്ല ഈ പ്രസ്താവന അർത്ഥമാക്കുന്നത്. കോമിന്റേണിന്റെ ഈ വ്യാഖ്യാനം, കേവലം വികസിത രാജ്യങ്ങളിലെ ഫാസിസത്തിന്റെ സ്വഭാവത്തിലേക്ക് വെളിച്ചം വീശുന്നതാണ്. ഇതുകൂടാതെ ഒന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്, അക്കാലത്തെ ഫാസിസത്തിന്റെ ഉത്ഭവ കേന്ദ്രം ജർമനിയും ഇറ്റലിയും ആയിരുന്നു. ഏഷ്യ, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക തുടങ്ങി മിക്ക രാജ്യങ്ങളും കോളനികളായിരുന്നു.

ഫാസിസത്തിന് മൂലധനവുമായി വളരെ അടുത്ത ബന്ധമുണ്ട്. 1930ലെ വൻ സാമ്പത്തികമാന്ദ്യം ഫാസിസത്തിന്റെ ഉദയത്തിന്റെ ഏറ്റവും വലിയ സാക്ഷിയായി. കെയ്നീഷ്യൻ ഉപായങ്ങളും രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കോളനിവത്കരണ ബന്ധനത്തിൽ നിന്ന് മോചിതരായ രാജ്യങ്ങളിൽ നിലവിൽവന്ന കുത്തകമുതലാളിത്തവും ധനമൂലധനത്തെ അല്പകാലത്തേക്ക് പ്രതിസന്ധിയിൽനിന്നും രക്ഷിച്ചു. എന്നാൽ 1970കളിൽ ഇത് വീണ്ടും ദീർഘകാല പ്രതിസന്ധിയിൽ അകപ്പെട്ടു. സാമ്രാജ്യത്വ രാജ്യങ്ങളെ ആശ്രയിച്ചിരുന്നതുകൊണ്ട് പിന്നോക്ക രാജ്യങ്ങളും ഈ പ്രതിസന്ധിക്ക് ഇരയായി. അതുകൊണ്ട് 1970കളിൽ ഈ പ്രതിസന്ധി കാരണം ഉടലെടുത്ത ഫാസിസത്തിന്റെ വളർച്ചയ്ക്ക് പിന്നോക്ക രാജ്യങ്ങളും സാക്ഷിയായി. ഫാസിസത്തിന്റെ കാരണങ്ങളെക്കുറിച്ചു ചർച്ച ചെയ്തുകൊണ്ട് സോവിയറ്റ് യൂണിയന്റെ 17-ാം കോഗ്രസ്സിൽ സ്റ്റാലിൻ പറഞ്ഞു, "ഇതിനെ തൊഴിലാളിവർഗ്ഗത്തിന്റെ ദുർബലതയുടെ ലക്ഷണമായും സോഷ്യൽ ഡെമോക്രാറ്റുകൾ തൊഴിലാളിവർഗ്ഗത്തോടു കാണിച്ച വഞ്ചനയുടെ പരിണാമമെന്ന രീതിയിലും മാത്രം നോക്കിക്കാണരുത്. അത് ഫാസിസത്തിന്റെ വഴി എളുപ്പമാക്കി എന്നതു ശരിയാണ്. എന്നാൽ അതിനെ മുതലാളിത്തവർഗ്ഗത്തിന്റെ ദൗർബല്യത്തിന്റെ ലക്ഷണമായും മുതലാളിത്തവർഗം മുന്നേതന്നെ പാർലമെന്ററി രീതിയിലും മുതലാളിത്ത ഡെമോക്രസിയുടെ പഴയ രീതിയിലും ഭരണം നടത്തുന്നതിൽ പരാജയപ്പെട്ടിരുന്നു എന്ന വസ്തുതകളുടെ ലക്ഷണമെന്ന രീതിയിലും കാണേണ്ടതാണ്. അതുകൊണ്ട് അത് അതിന്റെ പരമ്പരാഗത നയത്തിൽ ഭരണത്തിന്റെ ഭീകരവാദ രീതികളെ ആശ്രയിക്കാൻ നിർബന്ധിതമായി. സമാധാനപൂർണമായ വിദേശനയത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള അവസ്ഥയിൽ നിന്ന് പുറത്തുകടക്കാനുള്ള മാർഗം കണ്ടെത്തുന്നതിൽ അത് പരാജയപ്പെട്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യബോധത്തോടെ ഇതിനെ കാണണം. ഇതിന്റെ ഫലമായി അത് യുദ്ധത്തിന്റെ നയത്തെ ആശ്രയിക്കാൻ നിർബന്ധിതമായിരിക്കുന്നു."

ഫാസിസത്തിന് ഫാസിസ്റ്റ് ആശയമുള്ള ഒരു പാർട്ടി ഉണ്ടാവേണ്ടത് ആവശ്യമാണെന്ന ഒരു ന്യായം എപ്പോഴും ഉന്നയിക്കാറുണ്ട്. എന്നാൽ ഈ വിഷയത്തിൽ 1933ൽ കോമിന്റേ നേതാവ് ദിമിത്രോവ് നൽകിയ മുന്നറിയിപ്പിനെ നാം എപ്പോഴും ഓർക്കേണ്ടതുണ്ട്. അദ്ദേഹം പറയുന്നത്, "സാമ്പത്തികവും രാഷ്ട്രീയവുമായ പ്രതിസന്ധികൾ ഉള്ളപ്പോൾ ഭരണവർഗം ഫാസിസ്റ്റ് ചിന്താഗതി സൃഷ്ടിച്ചെടുക്കുന്നു. അതായത് മുഖ്യപ്രശ്നം രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധിയുടെയും വർഗസ്വഭാവത്തിന്റെയുമാണ്. ഫാസിസത്തിന്റെ പ്രത്യേക സ്വഭാവം ഇതാണ്. ഫാസിസം പിന്തിരിപ്പൻ ശക്തികളാൽ പിന്തുണയ്ക്കപ്പെടുകയും അതിനെ അത് അതിന്റെ ചെയ്തികളുടെ സാധുതയ്ക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. ഇവരാൽ ഉയർത്തികൊണ്ടുവരുന്ന പിന്തിരിപ്പൻ ജനകീയ പ്രക്ഷോഭങ്ങൾ ഭരണകൂടവുമായി ചേർന്ന് പരസ്യമായ ഭീകരതയ്ക്കൊപ്പം ജനകീയ പ്രക്ഷോഭങ്ങളെ ആക്രമിക്കുകയും ചെയ്യുന്നു. തോഗ്ലിയാത്തിയുടെ അഭിപ്രായത്തിൽ-തൊഴിലാളിവർഗത്തിനെതിരെ ഏതെങ്കിലും ജനപിന്തുണയുടെ ബലത്തിൽ പ്രക്ഷോഭം തുടങ്ങുകയും, ചെറുകിട മുതലാളിത്തത്തിന്റെ പിന്തുണകിട്ടുകയും ചെയ്യുമ്പോഴാണ് ഫാസിസം എന്ന വാക്ക് ഉപയോഗിക്കേണ്ടത്-ഈ പ്രത്യേകത ജർമനി, ഇറ്റലി, ഫ്രാൻസ്, ഇംഗ്ലണ്ട് തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും നമുക്ക് കാണാൻ കഴിയും. കാരണം അവിടെയാണ് യഥാർത്ഥ ഫാസിസം ഉള്ളത്. ഇതുപോലെ ഭരണവർഗത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധികളുമായി ഫാസിസത്തിനു ബന്ധമുണ്ട്."

അപ്പോൾ രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധി രൂക്ഷമായശേഷം ഫാസിസമാണ് അനിവാര്യമായതും ഒരേയൊരു ബദൽ എന്നുമാണോ നാം കരുതേണ്ടത്? ഇതിന് ഉത്തരം ലഭിക്കാൻ നമുക്ക് 1930 കാലഘട്ടത്തിൽ നടന്ന ഫാസിസത്തിനെതിരായ പ്രക്ഷോഭങ്ങളുടെ അനുഭവങ്ങളെ മനസ്സിലാക്കേണ്ടതുണ്ട്. 1930കളിൽ ഫാസിസത്തിനു വിജയമുണ്ടായതിന്റെ കാരണങ്ങളെക്കുറിച്ച് ദിമിത്രോവ് പറ

യുന്നത്, ''ഫാസിസം അധികാരത്തിൽ കയറിയത്, അധ്വാനവർഗം അവരുടെ യഥാർത്ഥ മിത്രങ്ങളിൽനിന്ന് വേറിട്ടു പോയതുകൊണ്ടു കൂടിയാണ്. കർഷകരുടെ വലിയ സമൂഹത്തെ കൂടെക്കൂട്ടാൻ കഴിഞ്ഞതും ഫാസിസം അധികാരത്തിൽ വരാൻ കാരണമായി. സോഷ്യൽ ഡെമോക്രാറ്റുകൾ തൊഴിലാളിവർഗത്തിന്റെ പേരിൽ പിന്തുടർന്ന നയങ്ങൾ വാസ്തവത്തിൽ കർഷകവിരുദ്ധമായിരുന്നു. കർഷകരുടെ കൺമുന്നിൽ പല സോഷ്യൽ ഡെമോക്രാറ്റ് സർക്കാരുകളും അധികാരത്തിൽ വന്നു. അവരുടെ കാഴ്ചപ്പാടിൽ അവ തൊഴിലാളിവർഗ അധികാരത്തിന്റെ മൂർത്തരൂപമായിരുന്നു. എന്നാൽ അവയിൽ ഒരുകൂട്ടർ പോലും കർഷകരുടെ ദാരിദ്ര്യം അവസാനിപ്പിച്ചില്ല, ഒരുകൂട്ടർ പോലും കർഷകർക്ക് ഭൂമി നൽകിയില്ല. ജർമനിയിൽ സോഷ്യൽ ഡെമോക്രാറ്റുകൾ ജന്മിമാരെ തൊട്ടതുപോലുമില്ല, അവർ കർഷക തൊഴിലാളികളുടെ സമരങ്ങളെ തകർത്തു. ഇതിന്റെ ഫലമായി ഹിറ്റ്ലർ അധികാരത്തിൽ വരുന്നതിന് വളരെ മുമ്പുതന്നെ ജർമനിയിലെ കർഷക തൊഴിലാളികൾ പരിഷ്കരണവാദികളായ ട്രേഡ് യൂണിയനുകളിൽനിന്ന് അകലാൻ തുടങ്ങിയിരുന്നു. അവരിൽ അധികംപേരും സ്റ്റാൾ ഹെൽമ (ഹിറ്റ്ലർക്കു മുമ്പ് ഉണ്ടായിരുന്ന ഒരു അർദ്ധ സായുധ സംഘടന) യുടെ പക്ഷത്തേയ്ക്കും സോഷ്യലിസ്റ്റുകളുടെ പക്ഷത്തേയ്ക്കും പോകാൻ തുടങ്ങിയിരുന്നു. ഫാസിസം അധികാരത്തിലേറാൻ മറ്റൊരു കാരണംകൂടി ഉണ്ടായിരുന്നു. അത് ചെറുപ്പക്കാരുടെ സംഘങ്ങളിൽ നുഴഞ്ഞു കയറുന്നതിൽ വിജയിച്ചു. അതേസമയം സോഷ്യൽ ഡെമോക്രാറ്റുകൾ തൊഴിലാളിവർഗത്തിലെ ചെറുപ്പക്കാരെ വർഗസമരത്തിൽനിന്നും വിമുഖരാക്കി, മാത്രമല്ല, വിപ്ലകാരികളായ അധ്വാനവർഗത്തിലെ ചെറുപ്പക്കാർക്ക് ആവശ്യമായ വിദ്യാഭ്യാസം പരിപോഷിപ്പിച്ചില്ല.''

ഇത്തരത്തിൽ ജനങ്ങളിൽ മാറ്റത്തെക്കുറിച്ച് അവകാശവാദം ഉയിക്കുന്ന സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി (അവിടുത്തെ കമ്യൂണിസ്റ്റ് പാർട്ടി) യുടെ ജനകീയ പ്രക്ഷോഭങ്ങളോടുള്ള വഞ്ചന ഫാസിസത്തിനുള്ള വഴി തുറന്നുകൊടുത്തു. സോഷ്യൽ ഡെമോക്രാറ്റുകളുടെ ഈ നിലപാടുകൾ കണ്ട് ബെർതോൾഡ് ബ്രെഹ്തിന് തന്റെ കവിതയിൽ എഴുതേണ്ടിവന്നു, ''അവർ ഞങ്ങളുടെ ആളുകളെ കൊലചെയ്തുകൊണ്ടിരിക്കുമ്പോൾ/ ഞങ്ങൾ കാത്തിരിക്കണമോ/ ഞങ്ങളോടൊത്തു പോരാടൂ/ ഈ ഫാസിസ്റ്റ്‌വിരുദ്ധ പോരാട്ടത്തിൽ/ ഞങ്ങൾക്കു കിട്ടിയ മറുപടി ഇങ്ങനെ/ ഞങ്ങൾ നിങ്ങളോടൊപ്പം ചേർന്നു പൊരുതുമായിരുന്നു/ പക്ഷേ ഞങ്ങളുടെ നേതാക്കൾ പറയുന്നത്/ ഇവരുടെ ഭീകരതയ്ക്ക് മറുപടി ചുവപ്പു ഭീകരതയല്ല.''

## ഫാസിസവും സോഷ്യൽ ഡെമോക്രസിയും ഇന്ത്യയിൽ

ഇന്ത്യയിൽ ഹിന്ദുത്വത്തിന്റെ ഫാസിസ്റ്റ് ചിന്താപദ്ധതി ഏതാണ്ട് എട്ടുദശകത്തോളമായി നിലവിൽ ഉണ്ട്. എന്നാൽ നേരിട്ട് ഭരണത്തെ സ്വാധീനിക്കുന്ന നിലയിൽ ഇത് എത്തിപ്പെട്ടിരുന്നില്ല. കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനുള്ളിൽ മാത്രമാണ് ഇതിന് ഒരു രാഷ്ട്രീയശക്തിയുടെ തലത്തിൽ ഉയർന്നുവരാൻ കഴിഞ്ഞത്. ഇതിന്റെ സാമൂഹിക അടിത്തറ പ്രധാനമായും ഉയർന്ന ജാതിക്കാർക്കും ഹിന്ദു വ്യാപാരി സമൂഹങ്ങൾക്കിടയിലും ആയിരുന്നു. 1980കളിൽ ഭരണവർഗം ഇതിനെ ഫാസിസ്റ്റ് ബദലെന്ന വിധത്തിൽ വളർത്തിയെടുക്കാൻ പ്രതിജ്ഞയെടുത്തു. ഇന്ന് അത് അതിന്റെ അടിത്തറയും വികസിപ്പിച്ചു, ദളിതരിലും പിന്നോക്ക ജാതികളിലും ഇടംപിടിച്ചു. അത് ഹിന്ദുരാഷ്ട്രവാദം ഉന്നയിച്ചു. എല്ലാ ഭരണവർഗ പാർട്ടികളും ഫാസിസ്റ്റ് ശക്തികളുടെ വളർച്ചയിൽ സുപ്രധാന പങ്കുവഹിച്ചു. പാർലമെന്ററി താല്പര്യങ്ങൾക്കുവേണ്ടി ഉണ്ടാക്കുന്ന മുന്നണികളും ഹിന്ദുഫാസിസത്തെ ശക്തിപ്പെടുത്തുകയും അതിന് സാധുത നൽകുകയും ചെയ്തു. നിരവധി പ്രാദേശിക പാർട്ടികളുമായി മുന്നണി ഉണ്ടാക്കി അത് അതിന്റെ മുഖംമൂടി നിലനിർത്തി. ഭാരതീയ ജനതാ പാർട്ടി അതിന്റെ ഭരണകാലത്ത് ആദ്യമായി വലിയ വ്യാവസായിക കുടുംബങ്ങൾക്കും അതിന്റെ സിഐഐ, ഫിക്കി, അസോചെം തുടങ്ങിയ സംഘടനകൾക്കും വേണ്ടി വിവിധ മന്ത്രാലയങ്ങൾക്കൊപ്പം ധാരാളം സമിതികൾ ഉണ്ടാക്കി. ഇതുകൂടാതെ ഇവയ്ക്ക് പ്രധാനമന്ത്രിയുടെ ഓഫീസുമായും ബന്ധം സ്ഥാപിക്കപ്പെട്ടു. ഹിന്ദു ഫാസിസം മുഖ്യമായും ഒരു രാഷ്ട്രീയ സംഭവവികാസമാണ്. ഇത് ഭരണവർഗം കൊണ്ടുവന്നതാണ്. സാമ്രാജ്യത്വവും നമ്മുടെ രാജ്യത്തെയും വിദേശത്തെയും മുതലാളിമാരും ഭരണവർഗത്തിന്റെ വർദ്ധിക്കുന്ന രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധിയുമാണ് അതിന്റെ കേന്ദ്രത്തിലുള്ളത്.

ഇന്ത്യയിൽ രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധി എപ്പോഴും ഫാസിസ്റ്റ് ഉയർച്ചയ്ക്ക് കാരണമായിട്ടുണ്ട്. 1970ലെ പതിറ്റാണ്ട് ഇക്കാര്യത്തിന് സാക്ഷിയാണ്. ഇതുകൂടാതെ സർക്കാരിന്റെ ഫാസിസ്റ്റ് ചെയ്തികളാകട്ടെ വളരെ കാലമായി തുടരുന്നു. ഇന്ത്യയിൽ

ഫാസിസത്തെ എപ്പോഴും വർഗീയതയുമായി ബന്ധപ്പെടുത്തുന്ന പ്രവണതയുണ്ട്. കോൺഗ്രസ്സിന് ഫാസിസ്റ്റ് പാർട്ടിയാകാൻ കഴിയില്ല, മറിച്ച് ഈ സ്വഭാവം ബി.ജെ.പി.യിൽ മാത്രമാണുള്ളത് എന്നു പറയാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. ഇപ്രകാരം ഫാസിസത്തെ കേവലം വർഗീയതക്കു ചുറ്റും ഒതുക്കി തീർക്കുന്നു. വാസ്തവത്തിൽ വസ്തുതകൾ പറയുന്നത് രാജ്യത്ത് ജനകീയപ്രക്ഷോഭങ്ങൾക്കെതിരെ ജനങ്ങളുടെ തന്നെ ഒരു വിഭാഗത്തെ നിർത്തുന്നതിൽ കോൺഗ്രസ്സാണ് ഏറ്റവും മുന്നിൽ നിൽക്കുന്നത് എന്നാണ്. ബി.ജെ.പി.യുടെ കഴിഞ്ഞ ഭരണകാലത്ത് ഒരു ഓർഡിനൻസിലൂടെ പോട്ട കൊണ്ടുവന്നു, അതു പാസ്സാക്കാൻ പാർലമെന്റിന്റെ സംയുക്തസമ്മേളനം വിളിച്ചു ചേർക്കേണ്ടിവന്നു. എന്നിട്ടും ആ നിയമം രാജ്യത്തെ പകുതി സംസ്ഥാനങ്ങളിൽ പ്രതിരോധമെന്ന നിലയിൽ നടപ്പിലാക്കിയില്ല. അതേ കോൺഗ്രസ്സ് തന്നെ പോട്ട പോലുള്ള ഒരു നിയമം യു.പി.എ ഭരണകാലത്ത് കൊണ്ടുവന്നു, അതിനെ ഐ.പി.സിയുടെ തന്നെ ഒരു ഭാഗമാക്കി തീർത്തു. ഈ നിയമത്തിന് യാതൊരു എതിർപ്പും ഉണ്ടായില്ല, എന്നുമാത്രമല്ല എല്ലാ സംസ്ഥാനങ്ങളും ഇത് നടപ്പിലാക്കുകയും ചെയ്തു. പോട്ട പോലെ തന്നെ ഈ നിയമവും ഏറ്റവും അധികം പ്രയോഗിക്കപ്പെട്ടത് മാവോവാദികൾക്കും മുസ്ലീങ്ങൾക്കും എതിരെയാണ്. എന്നാൽ ആരുംതന്നെ ഇത് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടില്ല, മറിച്ച് ഇത് കേവലം മാവോവാദികളുടേയും മുസ്ലീങ്ങളുടേയും പ്രശ്നം മാത്രമായി അവശേഷിച്ചു. ഈ വസ്തുതകളെല്ലാം ബിജെപിയും കോൺഗ്രസ്സും തമ്മിലുള്ള വ്യത്യാസത്തിന്റെ പൊള്ളത്തരം തുറന്നുകാട്ടുന്നു.

ഇന്ത്യയിൽ ഫാസിസത്തിന്റെ ഈ വർഗ സ്വഭാവത്തെ സോഷ്യൽ ഡെമോക്രാറ്റുകളും പാർലമെന്ററി ഇടതുപക്ഷവും കരുതിക്കൂട്ടി അവഗണിച്ചു, വർഗീയതയെ ഫാസിസത്തിന്റെ ഒരേയൊരു രൂപമെന്ന നിലയിൽ പ്രചരിപ്പിച്ചു. ഇതിന്റെ പരിണിതഫലം ഇതായിരുന്നു. കോൺഗ്രസ് എല്ലാ ജനവിരുദ്ധതയും അടിച്ചമർത്തലുകളും വർഗീയതയുടെ അപകടത്തിന്റെ മറവിൽ ചെയ്തുകൊണ്ടിരുന്നു. ഇന്ത്യയിലെ ഫാസിസത്തിന്റെ സ്വരൂപം ജർമനിയിലേതുപോലെ വംശീയഹത്യയുമായി ബന്ധപ്പെട്ടതാകണമെന്ന് നിർബന്ധമില്ല, മറിച്ച് ഇത് ഭരണത്തിലിരിക്കുന്ന പാർട്ടിയുടെ സ്വഭാവത്തിനനുസരിച്ചും ഉണ്ടായിവരാം. ഫാസിസത്തിന്റെ സ്വരൂപത്തെക്കുറിച്ച് ദിമിത്രോവ് പറഞ്ഞതുപോലെ, "ഫാസിസത്തിന്റെ വളർച്ചയും ഫാസിസ്റ്റ് ഏകാധിപത്യവും ഓരോ പ്രത്യേക രാജ്യത്തിന്റെയും ചരിത്രപരവും സാമൂഹികവും സാമ്പത്തികവുമായ പശ്ചാത്തലവും ദേശീയമായ പ്രത്യേകതകളും അതിന്റെ അന്തർദേശീയ അവസ്ഥകളും അനുസരിച്ച് വിവിധ രാജ്യങ്ങളിൽ വ്യത്യസ്ഥമായ രൂപം പ്രാപിക്കുന്നു."

ഇന്ത്യയിൽ സോഷ്യൽ ഡെമോക്രാറ്റുകളും വർഗീയ ഫാസിസത്തിന്റെ അപകടം എന്ന വിഷയം ഉയർത്തിക്കാണിച്ചുകൊണ്ട് ഭരണവർഗത്തിന്റെ മുഖ്യഘടകമായ കോൺഗ്രസ്സുമായി സഹകരിച്ചു. ഫാസിസത്തിനെതിരായ എല്ലാ പോരാട്ടങ്ങളെയും അവർ പാർലമെന്ററി യുക്തിയുമായി കൂട്ടിക്കുഴച്ചു. ഫാസിസ്റ്റുകൾ വഴി പാർലമെന്റിനെ റദ്ദാക്കുന്ന സംഭവവികാസം വികസിത രാജ്യങ്ങളിലേതാണെന്നുള്ള വസ്തുത അവർ മനഃപൂർവ്വം അവഗണിച്ചു. ഇന്ത്യപോലുള്ള രാജ്യങ്ങളിൽ ഫാസിസം 'ജനാധിപത്യ'സ്ഥാപനങ്ങളെ ഇല്ലായ്മചെയ്യേണ്ട ആവശ്യമില്ല. മറിച്ച് ഈ 'ജനാധിപത്യ'സ്ഥാപനങ്ങൾ വഴിതന്നെ അവരുടെ മുഴുവൻ പ്രവർത്തനങ്ങളും നടത്താവുന്നതാണ്. ഇന്നത്തെ ഇന്ത്യൻ ഭരണവ്യവസ്ഥയുടെ ഘടന തന്നെ ഫാസിസ്റ്റുകൾക്ക് അവരുടെ പ്രവർത്തനങ്ങൾ നടത്താൻ പൂർണമായ അവസരം നൽകുന്നുണ്ട്. മാത്രമല്ല ഈ സ്ഥാപനങ്ങൾ റദ്ദാക്കപ്പെടുന്നതിന്റെ പ്രതികൂലമായ പ്രതികരണത്തിന്റെ അനുഭവം 1970കളിൽ ഉണ്ടായിട്ടുണ്ട്. ചരിത്രത്തിൽ ഒരു സംഭവവും അതേ വിധത്തിൽതന്നെ ഒരിക്കലും ആവർത്തിക്കുന്നില്ല, എന്നാൽ അടിസ്ഥാനതത്വത്തിൽ അത് സമാനമാണ്. അതുകൊണ്ടുതന്നെ ഇന്ത്യ പോലുള്ള പിന്നോക്ക രാജ്യങ്ങളിലും ഫാസിസത്തിന്റെ വരവ് പാർലമെന്റിനെ റദ്ദാക്കികൊണ്ടു തന്നെയാകണമെന്ന് നിർബന്ധമില്ല. മറിച്ച് ഫാസിസം പാർലമെന്റിലൂടെ ത

ഇന്ത്യപോലുള്ള രാജ്യങ്ങളിൽ ഫാസിസം 'ജനാധിപത്യ'സ്ഥാപനങ്ങളെ ഇല്ലായ്മചെയ്യേണ്ട ആവശ്യമില്ല. മറിച്ച് ഈ 'ജനാധിപത്യ'സ്ഥാപനങ്ങൾ വഴിതന്നെ അവരുടെ മുഴുവൻ പ്രവർത്തനങ്ങളും നടത്താവുന്നതാണ്. ഇന്നത്തെ ഇന്ത്യൻ ഭരണവ്യവസ്ഥയുടെ ഘടന തന്നെ ഫാസിസ്റ്റുകൾക്ക് അവരുടെ പ്രവർത്തനങ്ങൾ നടത്താൻ പൂർണമായ അവസരം നൽകുന്നുണ്ട്.

ന്നെയാകും വരിക, പാർലമെന്റിനെ റദ്ദാക്കി കൊണ്ടാകില്ല.

### ഫാസിസം : കോൺഗ്രസ്സും സോഷ്യൽ ഡെമോക്രാറ്റുകളും

ബി.ജെ.പി.യെ പാർലമെന്റിൽ നിന്ന് അകറ്റി നിർത്താനെന്ന പേരിൽ ഭരണവർഗത്തിലെ മറ്റു കക്ഷികളുമായി ഉണ്ടാക്കുന്ന കൂട്ടുകെട്ട് സോഷ്യൽ ഡെമോക്രാറ്റുകൾക്കും ഭരണവർഗ പാർട്ടികൾക്കും ഇടയിലുള്ള അന്തരത്തെ വളരെ അവ്യക്തമാക്കി തീർത്തു. ഈ സന്ദർഭത്തിൽ ഹിന്ദു ഫാസിസ്റ്റുകളുടെ പക്ഷത്തേക്ക് ധ്രുവീകരണമുണ്ടാകുക സ്വാഭാവികമാണ്. ഇതു കൂടാതെ 1980നു ശേഷം ഇടത്തരം ജാതികളുടേയും ദളിതരുടേയും നേതൃത്വം അവകാശപ്പെടുന്ന പാർട്ടികളുടെ ഉദയവും ഈ പുത്തൻ സംഭവവികാസത്തെ ശക്തിപ്പെടുത്തി. ഇതിൽ ഒന്നുംതന്നെ അപ്രതീക്ഷിതമായിരുന്നില്ല. ദയനീയമായ പരാജയത്തിനുശേഷവും സോഷ്യൽ ഡെമോക്രാറ്റുകൾക്ക് സ്വയംവിമർശനത്തിന്റെ ആവശ്യകത അനുഭവപ്പെട്ടില്ല. മറിച്ച്, വർഗീയ ധ്രുവീകരണം ഉണ്ടായി, ജനങ്ങൾ ബി.ജെ.പി.യുടെ ചതിയിൽ കുടുങ്ങി എന്ന ന്യായവും കണ്ടുപിടിച്ചു. മാർക്സിന്റെ വാക്കുകൾ ഇവരെ സംബന്ധിച്ച് വളരെ പ്രസക്തമാണ്, "സോഷ്യൽ ഡെമോക്രാറ്റുകൾ കരുതുന്നത് അവർ വർഗവൈരുദ്ധ്യങ്ങൾക്ക് അപ്പുറത്താണെന്നാണ്. അവർ അംഗീകരിക്കുന്ന ഒരു കാര്യമുണ്ട്, അവരുടെ മുന്നിൽ പ്രത്യേക അവകാശങ്ങൾ ലഭിച്ച ഒരു വർഗം നിൽക്കുന്നുണ്ട്. എന്നാൽ മറുഭാഗത്ത് അവർ മാത്രമാണ് ജനങ്ങളോടൊപ്പമുള്ളത്. അവർ മാത്രമാണ് ജനങ്ങളെ പ്രതിനിധീകരിക്കുന്നത്. ജനങ്ങളുടെ നന്മ മാത്രമാണ് അവരുടെ ലക്ഷ്യം. അതുകൊണ്ട് പ്രക്ഷോഭം തടസ്സപ്പെട്ടതിനുശേഷവും വിവിധ വർഗങ്ങളുടെ താൽപര്യങ്ങളും അവസ്ഥകളും നിരീക്ഷണം ചെയ്യേണ്ടതിന്റെ ആവശ്യകത അവർക്ക് അനുഭവപ്പെടുന്നില്ല. സ്വയംവിമർശനത്തിന്റെ രീതിയിൽ പരിശോധന നടത്തേണ്ടതിന്റെ ആവശ്യകതയും അവർക്ക് അനുഭവപ്പെടുന്നില്ല. അവർ വിചാരിക്കുന്നത്, അവർ ഒന്നു വിരൽ ഞൊടിച്ചാൽ മതി, ജനങ്ങൾ അവരുടെ എല്ലാ അക്ഷയസാമഗ്രികളുമായി ചൂഷകർക്കുമേൽ ചാടിവീഴും.  ഇനി അവർ പ്രവർത്തനമേഖല തെറ്റായിരുന്നു തെളിയിക്കപ്പെട്ടാൽ, ദോഷം മുഴുവൻ ഒന്നിനുംകൊള്ളാത്ത മിഥ്യാന്യായവാദികളുടെതാകും. അവരാണ് ജനങ്ങളെ പല-പല തട്ടുകളിലായി വിഭജിച്ചത്. അല്ലെങ്കിൽ സൈന്യം വളരെയധികം മൃഗീയമായിരിക്കുന്നു, അതുകൊണ്ട് സോഷ്യൽ ഡെമോക്രസിയുടെ പരിശുദ്ധമായ ലക്ഷ്യം അവർക്കുകൂടി മികച്ച രീതിയിൽ പ്രയോജനകരമാണെന്ന് മനസ്സിലാക്കാൻ പറ്റാത്തവിധം അത് അന്ധമായിരിക്കുന്നു. അല്ലെങ്കിൽ നടപ്പിലാകുന്നതിനിടയിൽ നിർദ്ദേശങ്ങൾ നൽകുന്നതിലെ കുഴപ്പം കാരണം എല്ലാം തകിടംമറിഞ്ഞുപോയി. അല്ലെങ്കിൽ ഏതെങ്കിലും അപ്രതീക്ഷിത സംഭവം എല്ലാ കളികളേയും തകിടംമറിച്ചു. എത്ര നാണംകെട്ട പരാജയത്തിനുശേഷവും ഡെമോക്രാറ്റുകൾ പ്രക്ഷോഭത്തിൽനിന്നു പുറത്തുകടക്കുമ്പോൾ അവർ അതിൽ പ്രവേശിക്കുമ്പോൾ ഉണ്ടായിരുന്നതുപോലെ തന്നെ പോറലേൽക്കാത്തവരായിരിക്കും."



മിക്കപ്പോഴും ഫാസിസത്തെ തടുക്കാനെന്ന പേരിൽ ഇവിടുത്തെ സോഷ്യൽ ഡെമോക്രാറ്റുകൾ വലിയ മുതലാളിത്ത-സാമന്ത ഭരണവർഗത്തിന്റെ രണ്ടാമത്തെ വിഭാഗവുമായി കൂട്ടുകെട്ടുണ്ടാക്കി. അവരാകട്ടെ, ഫാസിസ്റ്റുകളായി വളരുന്നതിനുള്ള മതിയായ കാരണങ്ങൾ നിലവിലുണ്ടായിരുന്നു. ഇതേ സാഹചര്യത്തെക്കുറിച്ച് ദിമിത്രോവ് എഴുതി "ജർമനിയിൽ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി അധികാരത്തിൽ ഉണ്ടായിരുന്നില്ലേ? സ്പാനിഷ് സോഷ്യലിസ്റ്റുകൾ മുതലാളിത്തംകൂടി പങ്കാളിത്തം വഹിച്ചിരുന്ന സർക്കാരിൽ ചേർന്നിരുന്നില്ലേ? ഈ രാജ്യങ്ങളിലെ മുതലാളിത്ത മുന്നണി സർക്കാരുകളിലെ സോഷ്യൽ ഡെമോ

ക്രാറ്റിക് പാർട്ടികളുടെ പങ്കാളിത്തം അധ്വാനിക്കുന്ന വർഗത്തിനുമേലുള്ള ഫാസിസത്തിന്റെ ആക്രമണത്തെ തടഞ്ഞുവോ? തടഞ്ഞില്ല. ഇവിടെ ഒരു കാര്യം പകൽവെളിച്ചം പോലെ വ്യക്തമാണ്. മുതലാളിത്ത സർക്കാരുകളിലെ സോഷ്യൽ ഡെമോക്രാറ്റിക് മന്ത്രിമാരുടെ പങ്കാളിത്തം ഫാസിസത്തിന്റെ വഴിയിലെ തടസ്സമാകില്ല.”

ഫാസിസ്റ്റ് ശക്തികളുടെ പക്കൽ, മുകളിൽ നിന്ന് താഴെവരെ അവരുടേതായ ഒരു ഫാസിസ്റ്റ് ഘടനയുണ്ട്. അതേസമയം കോൺഗ്രസ്സിന് സർക്കാർ മെഷിനറി ഉപയോഗിച്ചുതന്നെ അവരുടെ ഘടന ഉണ്ടാക്കേണ്ടിവരുന്നു. അല്ലെങ്കിൽ പിന്നെ മറ്റു പ്രതിലോമ സംഘടനകൾ വഴിതന്നെ കാര്യം നടത്തേണ്ടിവരുന്നു. കോൺഗ്രസ്സും ബി.ജെ.പി.യും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം ഇതാണ്. അടുത്തകാലത്ത് വർധിച്ചുവരുന്ന വർഗീയ ആക്രമണങ്ങളെ സംബന്ധിച്ചാണെങ്കിൽ ഇതിനെ ഫാസിസ്റ്റ് ആക്രമണത്തിന്റെ വ്യാപനമായിതന്നെ കരുതേണ്ടിയിരിക്കുന്നു. രാജ്യത്ത് മാവോവാദികളുടെ പോരാട്ടമുള്ള പ്രദേശങ്ങളിൽ ദളിതർ, ആദിവാസികൾ, സ്ത്രീകൾ എന്നിവർക്കുനേരെ സ്വകാര്യസേനകളും സർക്കാരിന്റെ രഹസ്യാന്വേഷണ സംഘങ്ങളും വഴി ഈ ഫാസിസ്റ്റ് ആക്രമണം വളരെ കാലമായി തുടരുന്നുണ്ട്. ഇപ്പോൾ ഈ ആക്രമണങ്ങൾ ന്യൂനപക്ഷങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. ഇപ്രകാരം ഇന്ത്യയിൽ ഭരണകൂടത്തിന്റെ ഫാസിസ്റ്റ് പ്രവണതകൾ ഒരു പൂർണ ഫാസിസത്തിന്റെ രൂപത്തിൽ നമ്മുടെ വാതിലിൽ മുട്ടാൻ തയ്യാറായിരിക്കുന്നു. ബ്രാഹ്മണ്യ, ഹിന്ദുത്വപരമായ അതിന്റെ സ്വഭാവം ദളിത് വിരുദ്ധവും സ്ത്രീവിരുദ്ധവുമാണ്. ഇത് മുതലാളിത്ത, ഫ്യൂഡലിസ്റ്റ്, ദല്ലാൾ ഉദ്യോഗസ്ഥഭരണ മൂലധനത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി ഏതറ്റംവരെയും പോകും. കാരണം ഇതുതന്നെയാണ് ഇതിന്റെ നിലനിൽപിന്റെ അടിസ്ഥാനം.

### പട്ടേലും വർഗസഹകരണവും

തെരഞ്ഞെടുപ്പിന് ഏതാണ്ട് ഒരു വർഷം മുമ്പ് രാജ്യത്ത് വല്ലഭ്ഭായ് പട്ടേൽ പെട്ടെന്ന് വിമർശനത്തിന്റെ കേന്ദ്രബിന്ദുവായി. ബി.ജെ.പി. അദ്ദേഹത്തെ അവരുടെ നേതാവാണെന്നു പറയുമ്പോൾ മറുഭാഗത്ത് സോഷ്യൽ ഡെമോക്രാറ്റുകളടക്കമുള്ള പ്രതിപക്ഷ പാർട്ടികൾ അദ്ദേഹത്തെ കോൺഗ്രസ്സിന്റെ ('സെക്യുലർ') നേതാവെന്ന് പറയുന്നതിൽ മുഴുകി. ഈ സംഭവവികാസത്തെ അല്പം ഗൗരവത്തോടെ മനസ്സിലാക്കാൻ ശ്രമിക്കുകയാണെങ്കിൽ, ഇത് വ്യക്തമാക്കിത്തരുന്ന ഒരു കാര്യം, ഇപ്പോൾ രാജ്യത്തിന് പട്ടേലിനെപോലെയുള്ള രക്തപങ്കിലമായ കൈ ആവശ്യമായിരുന്നു. എന്നാൽ ആ വ്യക്തിത്വത്തിന്റെ യാഥാർത്ഥ്യങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനു പകരം സോഷ്യൽ ഡെമോക്രാറ്റുകൾ ഒരുവിധത്തിൽ രണ്ട് ഭരണവർഗ പാർട്ടികൾക്കിടയിലെ ചർച്ചകൾക്കിടയിൽകിടന്ന് ആടിക്കൊണ്ടിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, 'ഫാസിസം അതിന്റെ അന്തിമ വിശകലനത്തിൽ മുതലാളിത്തവർഗത്തിന്റെ കൂടെയുള്ള സോഷ്യൽ ഡെമോക്രാറ്റുകളുടെ വർഗസഹകരണത്തിന്റെ പരിണാമമാണ്.' ഈ വസ്തുതകളെല്ലാം ഒരു ഫാസിസ്റ്റ് ഭരണകൂടത്തിന്റെ സാധ്യതകളിലേക്കാണ് വിരൽ ചൂണ്ടിയിരുന്നത്. എന്തെങ്കിലും മനസ്സിലാകാതെ ഉണ്ടായിരുന്നുവെങ്കിൽ അത് കോൺഗ്രസ്സാണോ ബി.ജെ.പി.യാണോ ഫാസിസം കൊണ്ടുവരിക എന്നുള്ളതു മാത്രമായിരുന്നു. കോൺഗ്രസ് അധികാരത്തിൽ വന്നാൽ കൊലപാതകത്തിന്റെ പരിധി വലിയ തോതിൽ ആദിവാസികളിലും ദളിതരിലും വരെ ചുരുങ്ങി നില്ക്കുമായിരിക്കാം. ന്യൂനപക്ഷങ്ങൾക്കു നേരെ ഒളിഞ്ഞുതന്നെ തുടരുകയും ചെയ്തേക്കാം. എന്നാൽ ഈ പരിധി എപ്പോഴും ചുരുങ്ങിതന്നെ ഇരിക്കുമെന്ന തെറ്റിദ്ധാരണ നാം പുലർത്തരുത്.

ഏതാണ്ട് എല്ലാ മേഖലകളിലും നൂറുശതമാനം വിദേശനിക്ഷേപത്തിനുള്ള അനുമതി വളരെ മുമ്പുതന്നെ നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന ചില മേഖലകളിൽ കൂടി അനുമതി നൽകുമെന്ന് ബി.ജെ.പി. സർക്കാർ സൂചിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ മുഴുവൻ പ്രകൃതിവിഭവങ്ങളും സാമ്രാജ്യത്വശക്തികൾക്കും ദല്ലാൾ മുതലാളിമാർക്കും കയ്യടക്കാൻ പാകത്തിൽ പരിസ്ഥിതി നിയമങ്ങളിലും ഇളവുവരുത്തുമെന്നും സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു. സർക്കാരിനെ എതിർക്കുന്ന പാർലമെന്റിതര ജനകീയ സംഘടനകൾക്കും മനുഷ്യാവകാശ സംഘടനകൾക്കും എതിരെ ഒരു ഗൂഢാലോചനയുടെ രൂപത്തിൽ ആക്രമണം ആരംഭിച്ചിട്ടുണ്ട്. ബി.ജെ.പി. സർക്കാരിന്റെ സ്വഭാവത്തെ അതിന്റെ പ്രഖ്യാപിത ആപ്തവാക്യം, അതായത് 'മോട്ടോ'യിൽ നിന്നും മനസ്സിലാക്കാവുന്നതാണ്, 'മിനിമം ഗവണ്മെന്റ് മാക്സിമം ഗവർണൻസ്' (കുറവ് ഭരണം അതായത് നയങ്ങൾ, കൂടുതൽ നിയന്ത്രണം). എന്നുവച്ചാൽ, ഇനി സർക്കാർ രാജ്യം ഭരിക്കില്ല, മറിച്ച് കൊള്ളമൂലധനത്തിന് കാവൽനില്ക്കുക മാത്രം ചെയ്യും. വ്യാവസായിക തൊഴിലാളികളെ ചൂഷണം ചെയ്യലും അടിച്ചമർത്തലും കൂടുതൽ ശക്തമാ

കും. കൊള്ളലാഭക്കാർക്കുവേണ്ടി വെള്ളവും കാടും ഭൂമിയും കയ്യടക്കാൻ ഭീകരമായ ഒരു ആക്രമണവും സംഘടിപ്പിക്കപ്പെടും.

**ഫാസിസത്തിനെതിരായ പ്രതിരോധം**
ഹിന്ദു ഫാസിസ്റ്റുകൾ അധികാരത്തിലേറിയതോടുകൂടി ചരിത്രം അവസാനിച്ചു എന്ന തരത്തിലുള്ള ഭയജനകമായ ഒരന്തരീക്ഷം ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. സോഷ്യൽ ഡെമോക്രാറ്റിക് ശക്തികളും മറ്റ് ഉദാരവത്കരണ ശക്തികളും ഫാസിസത്തിന്റെ കരുത്തിനെ പെരുപ്പിച്ചു കാണിച്ച് ഫാസിസത്തിന്റെ കുതന്ത്രത്തെ തന്നെയാണ് ശക്തിപ്പെടുത്തുന്നത്. അവർ മറക്കുന്ന ഒരു വസ്തുതയുണ്ട്, തീവ്രമായ ചൂഷണത്തിനെതിരായ പ്രതിരോധവും ജനങ്ങളാൽ ഉയർത്തപ്പെടുന്ന മറ്റു തടസ്സങ്ങളും കാരണം തന്നെയാണ് ഭരണവർഗം ഫാസിസം പ്രയോഗിക്കുന്നതും പീഡിപ്പിക്കപ്പെടുന്ന ജനങ്ങളുടെ ഐക്യം തകർക്കുന്നതിനുവേണ്ടി ജാതിയുടെയും മതത്തിന്റെയും പേരിൽ വ്യാജമായ വൈരുദ്ധ്യങ്ങൾ കൊണ്ടുവന്ന് സാഹചര്യം തങ്ങൾക്കനുകൂലമാക്കുന്നതും.

ഹിറ്റ്ലർ സോവിയറ്റ് യൂണിയനെ ആക്രമിച്ച സമയത്ത് സോവിയറ്റ് യൂണിയൻ അവരുടെ രാജ്യനിർമ്മാണത്തിൽ മുഴുകിയിരിക്കുകയായിരുന്നു. ചുവപ്പുസേന നീണ്ട യുദ്ധത്തിനൊടുവിൽ അല്പം വിശ്രമിത്തിലായിരുന്നു. ലോകഭൂപടത്തിൽ കയ്യടക്കലിന്റെയും ആയുധങ്ങളുടെയും ലഹരിയിൽ ഉന്മത്തരായ ഹിറ്റ്ലറുടെ സൈന്യം മുന്നേറിക്കൊണ്ടിരുന്നു. താരതമ്യേന ഗുണമേന്മ കുറഞ്ഞ കുറച്ച് ആയുധങ്ങൾ മാത്രം ഉണ്ടായിരുന്നിട്ടും ചുവപ്പുസേന സ്റ്റാലിൻഗ്രാഡിൽ അവരുടെ വഴിതടഞ്ഞു. ചരിത്രപരമായ ഈ പ്രതിരോധത്തിന് സ്റ്റാലിൻ നേതൃത്വം നൽകി. ആയുധങ്ങളല്ല, മറിച്ച് ജനങ്ങളാണ് യുദ്ധത്തിൽ നിർണായകമാവുകയെന്ന് സ്റ്റാലിന് വിശ്വാസമുണ്ടായിരുന്നു. ജനങ്ങളിലുള്ള വിശ്വാസവും പ്രതിരോധത്തിന്റെ ഈ വൈരുദ്ധ്യത്തെക്കുറിച്ചുള്ള അറിവും വഴി സോവിയറ്റ് യൂണിയനിലെ ജനങ്ങൾ ഫാസിസ്റ്റുകളെ മണ്ണുകപ്പിച്ചു. അതേസമയം ജർമനിയിലെ കമ്യൂണിസ്റ്റ് പാർട്ടികൾക്ക് ആയുധങ്ങളുടെ കരുത്തിലായിരുന്നു വിശ്വാസം. ആയുധങ്ങളുടെ ഭീകരതയിൽ അവർ ഫാസിസ്റ്റുകളോട് ഏറ്റുമുട്ടാൻ തയ്യാറായില്ല, അതിനുമുന്നിൽ മുട്ടുകുത്തുക മാത്രമല്ല, മറിച്ച് അതുമായി കൂട്ടുകെട്ട് ഉണ്ടാക്കുകയും നശിക്കുകയും ചെയ്തു. ജർമനിയിൽ യഹൂദന്മാരെ വ്യാപകമായി കൂട്ടക്കൊല ചെയ്തെങ്കിലും അവരെ നശിപ്പിക്കാൻ കഴിഞ്ഞില്ല. പ്രതിരോധം അവരെ സംരക്ഷിച്ചുനിർത്തി. ഇന്ത്യ, 1930കളിലെ ജർമനിയല്ലെന്ന് നാം മനസ്സിലാക്കണം. ഭരണവർഗം വലിയ വിഭാഗം ജനങ്ങൾക്ക് വളരെ വലിയ തോതിലുള്ള ദുരിതപൂർണമായ ജീവിതമാണ് നൽകിയിരിക്കുന്നത്. അതുകൊണ്ട് അതിന് ഒരിക്കലും ജനങ്ങളെ വ്യാപകമായി അതിന്റെ പക്ഷത്തേക്ക് കൊണ്ടുവരാൻ കഴിയില്ല. ഭരണവർഗങ്ങളും ബ്രാഹ്മണ്യശക്തികളും ദളിതർക്കും ആദിവാസികൾക്കുമെതിരെ നടത്തിയ അതിക്രമങ്ങൾക്ക് കണക്കില്ല. അതുകൊണ്ട് അവരെ ഒരിക്കലും തങ്ങളുടെ പക്ഷത്ത് ചേർക്കാൻ കഴിയില്ല. ന്യൂനപക്ഷങ്ങൾക്കുനേരെ ആക്രമണങ്ങൾ നടത്തി അവർ അവരുടെ ശത്രുക്കളുടെ പട്ടികക്ക് നീളം കൂട്ടും. നമ്മുടെ നാടിന് പ്രതിരോധത്തിന്റെ സമൃദ്ധമായ ഒരു പാരമ്പര്യം ഉണ്ടെന്ന കാര്യവും മനസ്സിലാക്കേണ്ടതുണ്ട്. ജർമനിയിലെ കമ്യൂണിസ്റ്റുകാർ ചെയ്ത തെറ്റ് ആവർത്തിക്കാതിരിക്കേണ്ടതും പ്രധാനപ്പെട്ട കാര്യമാണ്. ദിമിത്രോവ് പറഞ്ഞതുപോലെ, “സോഷ്യൽ ഡെമോക്രാറ്റിക് നേതാക്കൾ ഫാസിസ്റ്റുകളുടെ യഥാർത്ഥ വർഗസ്വഭാവം ജനങ്ങളിൽനിന്ന് മറച്ചുവെയ്ക്കുകയും അതിനെക്കുറിച്ച് തെറ്റിദ്ധാരണ പരത്തുകയും മുതലാളിത്തവർഗത്തിന്റെ ഏറിയേറിവരുന്ന പ്രതിലോമകരമായ നടപടികൾക്കെതിരെ പോരാടാൻ ആഹ്വാനം നൽകുകയും ചെയ്തില്ല.”

ഫാസിസം അപരാജിതമല്ല. അത് ഭരണവർഗത്തെ മുഴുവൻ പതനത്തിലേക്ക് നയിക്കും. ഹിറ്റ്ലറിന്റെ സൈന്യത്താൽ വലിയ തോതിൽ തകർക്കപ്പെട്ട സ്റ്റാലിൻഗ്രാഡ് ഇപ്പോഴും ഗർവ്വോടെ തലയുയർത്തി നിൽക്കുന്നു. ജപ്പാൻ തകർത്തു തരിപ്പണമാക്കിയ ചൈനയിലെ നാൻകിംഗ് വീണ്ടും ഉയർത്തെണീറ്റ് ജപ്പാന്റെ ക്രൂരതയുടെ കഥ പറയുന്നു. സ്പെയിനിൽ ഫ്രാങ്കോവിന്റെ ഏകാധിപത്യം നടപ്പിലാക്കാനുള്ള സ്വപ്നം ഒരിക്കലും പൂവണിഞ്ഞില്ല. ആ വിഷസ്വപ്നത്തെ ഞെരിച്ചുകളയാൻ ക്രിസ്റ്റഫർ കോഡ്വെൽ, ലോർകാ, റാൽഫ് ഫോക്സ് പോലുള്ള മഹാന്മാരായ എഴുത്തുകാർക്കും ബുദ്ധിജീവികൾക്കും രക്തസാക്ഷികളാകേണ്ടിവന്നു.

**കുറിപ്പ്:** ഈ ലേഖനത്തിൽ ഗ്യോർഗി ദിമിത്രോവിന്റെ നീണ്ട ഉദ്ധരണികളാണ് കൊടുത്തിട്ടുള്ളത്. കാരണം അക്കാലത്ത് ദിമിത്രോവായിരുന്നു കമ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ നേതാവ്. ലോകം മുഴുവൻ അദ്ദേഹം ഫാസിസത്തിനെതിരായ യുദ്ധത്തിന് നേതൃത്വം നൽകുകയായിരുന്നു. ജർമനിയിലെ സോഷ്യൽ ഡെമോക്രാറ്റുകളുടെ സ്വഭാവം ഇന്ത്യയിലെ പാർലമെന്ററി ഇടതുകക്ഷികളുടെ സ്വഭാവത്തിനോട് യോജിക്കുന്നതാണ്. ■